8254
16/8/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച സംസ്ഥാന കൗൺസിൽ, ജില്ലാ കമ്മിറ്റി അംഗങ്ങൾക്ക് യാത്രാ ബത്തയും ദിനബത്തയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.68/2014/സാനീവ തീയതി, തിരുവനന്തപുരം, 05.08.2014

പരാമർശം : 1. സ.ഉ.(എം.എസ്.) നം.66/2013/സാനീവ തീയതി 21.08.2013.
2. സ.ഉ.(എം.എസ്.) നം.38/2014/സാനീവ തീയതി 13.05.2014.
3. സാമൂഹ്യനീതി ഡയറക്ടറുടെ 19.03.2014 ലെ ജി4/36331/14 നമ്പർ കത്ത്.

**ഉത്തരവ്**

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയിലും അനൗദ്യോഗിക അംഗങ്ങളെ ഉൾപ്പെടുത്തി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപ്രകാരം സർക്കാർ നോമിനേറ്റ് ചെയ്തിട്ടുള്ള അംഗങ്ങൾക്ക് യഥാക്രമം സംസ്ഥാന കൗൺസിൽ യോഗങ്ങളിലും ജില്ലാ കമ്മിറ്റികളിലും പങ്കെടുക്കുന്നതിന് യാത്ര/ദിന ബത്തകൾ അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച സംസ്ഥാന കൗൺസിലിനെയും ജില്ലാ കമ്മിറ്റികളെയും ക്ലാസ്സ് 1 കമ്മിറ്റികളായി പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. ആയതിനാൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച സംസ്ഥാന കൗൺസിലിലെ ആനൗദ്യോഗിക അംഗങ്ങൾക്കും ജില്ലാ കമ്മിറ്റിയിൽ സർക്കാർ നോമിനേറ്റ് ചെയ്തിട്ടുള്ള അംഗങ്ങൾക്കും ഗ്രേഡ് 1 ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന നിരക്കിൽ യാത്രാബത്തയും ദിനബത്തയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (44817/ww 3/14/Fin തീയതി 25.06.2014 പ്രകാരം)
വെബ് & ന്യൂ മീഡിയ വിഭാഗം ( വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ